നം. എ2/2432/2016/ടിബിഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്, ഫോർട്ട്,
തിരുവനന്തപുരം-23, തീയതി : 05/01/2017.
ഫോൺ നം. 0471 2450027
textbookofficer@gmail.com

പാഠപുസ്തക ഓഫീസർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ,
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ,
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ/മാഡം,

വിഷയം:- പൊതുവിദ്യാഭ്യാസം - 2017-18 അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഐടി@സ്കൂൾ വെബ്സൈറ്റിൽ ഓൺലൈനായി ഇൻഡന്റിംഗ് ചെയ്യുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ആഫീസിലെ 22.12.2016 ലെ ഇതേ നമ്പർ സർക്കുലർ.

......

2017-18 അദ്ധ്യയന വർഷത്തേക്കുള്ള 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കായുള്ള ഇൻഡന്റിംഗ് ഓൺലൈനായി നടത്തുന്നതിന് 22.12.2016 മുതൽ 31.12.2016 വരെ സമയം അനുവദിച്ചിരുന്നെങ്കിലും ഐടി@സ്കൂളിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ഇനിയും ധാരാളം സ്കൂളുകൾ ഇൻഡന്റ് ചെയ്യാൻ ബാക്കിയുള്ളതായും ഇൻഡന്റ് ചെയ്ത സ്കൂളുകളിൽ തന്നെ അപാകതകൾ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി സ്കൂളുകൾക്ക് **9.1.2017 മുതൽ 13.1.2017 വരെ** ഇൻഡന്റ് ചെയ്യുന്നതിനുള്ള സമയം ദീർഘിപ്പിച്ചിരിക്കുന്നു. എല്ലാ പ്രഥമാദ്ധ്യാപകരും ഈ പുതുക്കിയ സമയത്തിനകം ഇൻഡന്റ് പൂർത്തീകരിക്കേണ്ടതാണ്. എല്ലാ പ്രഥമാദ്ധ്യാപകരും ഈ അവസരം കൃത്യമായി വിനിയോഗിച്ചിട്ടുണ്ടോയെന്നുള്ള കാര്യം എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഉറപ്പ് വരുത്തേണ്ടതാണെന്നുള്ള വിവരം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഇൻഡന്റിംഗിനായി ഇനിയൊരു അവസരം നൽകുന്നതല്ല എന്നുള്ള വിവരവും ഇതിനാൽ അറിയിക്കുന്നു. ടി വിവരം എല്ലാ സി.ബി.എസ്.ഇ/നവോദയ സ്കൂളുകളേയും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പാഠപുസ്തക ആഫീസർ

പകർപ്പ് : എല്ലാ പ്രധാനാദ്ധ്യാപകർക്കും
(ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന)